പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2693 — 19.12.2012 ന് മറുപടിയ്ക്ക്.

## വ്യാപാര സ്ഥാപനങ്ങളുടേയും തൊഴിലാളി സംഘടനകളുടേയും രജിസ്ട്രേഷൻ ഓൺലൈൻ മുഖേന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. സി.പി. മുഹമ്മദ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) വ്യാപാര സ്ഥാപനങ്ങളുടെയും തൊഴിലാളി സംഘടനകളുടെയും രജിസ്ട്രേഷൻ ഓൺലൈനിൽ ആക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്.<br><br>തൊഴിൽ വകുപ്പിന് വേണ്ടി ഓൺലൈൻ രജിസ്ട്രേഷൻ സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുണ്ട്. ലേബർ ഓഫീസുകളിൽ നിന്ന് ലഭിക്കേണ്ട സേവനങ്ങൾക്ക് വകുപ്പിന്റെ വെബ് സൈറ്റായ www.lc.kerala.gov.in വഴി apply online എന്ന ലിങ്ക് ഉപയോഗിച്ച് പൊതുജനങ്ങൾക്ക് അപേക്ഷകൾ നൽകാം. കമ്പ്യൂട്ടർ തയ്യാറാക്കുന്ന അപേക്ഷ ഫാറം ഡൗൺലോഡ് ചെയ്ത് ഒപ്പുവച്ച് നിശ്ചിത ഫീസ് അടച്ച ചെലാൻ സഹിതം ബന്ധപ്പെട്ട ഓഫീസിലേയ്ക്ക് അയച്ചുകൊടുക്കുകയും രജിസ്ട്രേഷൻ നടപടി പൂർത്തിയായാലുടൻ ഓൺലൈൻ വഴി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കുവാനും കഴിയുന്നതാണ്. |
| (ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട്, കോൺട്രാക്ട് ലേബർ ആക്ട് രജിസ്ട്രേഷൻ/ലൈസൻസ്, ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് ആക്ട് രജിസ്ട്രേഷൻ/ലൈസൻസ്, ട്രേഡ് യൂണിയൻ, ചുമട്ടുതൊഴിലാളി എന്നീ രജിസ്ട്രേഷനുകളാണ് ഓൺലൈൻ ആയി നടപ്പിലാക്കിയിട്ടുള്ളത്. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്? | (സി) കെൽട്രോൺ തയ്യാറാക്കിയ സോഫ്റ്റ് വെയർ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ